ഉത്തരം

(എ) ഈ മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ച കൃത്യമായ കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

(ബി) ഓടു വ്യവസായ മേഖലയിലെ തൊഴിലാളികൾക്കായി പ്രത്യേക ക്ഷേമ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(സി) ഈ മേഖലയിലെ തൊഴിലാളികൾക്ക് നിലവിലുള്ള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാവുന്നതും ഇതു പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹരാകാവുന്നതുമാണ്. കൂടാതെ, കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള "അസംഘടിത തൊഴിലാളികൾക്കായുള്ള പദ്ധതി" നടപ്പിലാക്കുമ്പോൾ ഈ വിഭാഗം തൊഴിലാളികൾക്കും പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

മോട്ടോർ തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് ഐഡന്റിറ്റി കാർഡ് നൽകാൻ നടപടി

54 [2091] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോടട്ടോർ തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് ഐഡന്റിറ്റി കാർഡ് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരിൽ നിന്നാണ് നിവേദനം ലഭിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. എളമരം കരീം, ശ്രീ. കെ. എം. കുട്ടികൃഷ്ണൻ, ശ്രീ. കെ. സാദിരിക്കോയ, ശ്രീ. യു. പോക്കർ, ശ്രീ. വി. ചന്ദ്രൻ നായർ, ശ്രീ. സി. ദാസൻ തുടങ്ങിയവർ ഒപ്പിട്ട നിവേദനമാണ് ലഭിച്ചത്.

(സി) നിവേദനത്തിലെ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും

55 [2092] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആഭരണ നിർമ്മാണ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly